# പതിമൂന്നാം കേരളനിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.4 10.06.2013 ന് മറുപടിയ്ക്ക്.

## വനങ്ങളിലെ ജൈവവൈവിദ്ധ്യ സംരക്ഷണം

**ചോദ്യം**

ശ്രീ. എം.പി.വിൻസെന്റ്
ശ്രീ.ഡൊമിനിക് പ്രസന്റേഷൻ
ശ്രീ.അൻവർ സാദത്ത്
ശ്രീ.വി.ഡി.സതീശൻ

(എ) വനങ്ങളിൽ ജൈവവൈവിദ്ധ്യം സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനുമായി എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദമാക്കുമോ;

**ഉത്തരം**

ശ്രീ.ഉമ്മൻചാണ്ടി
(മുഖ്യമന്ത്രി)

**(എ)** വനങ്ങളിൽ ജൈവവൈവിദ്ധ്യം സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനുമായി താഴെപ്പറയുന്ന പദ്ധതികളാണ് വനം വകുപ്പ് നടപ്പിലാക്കി വരുന്നത്.

1. 15 വന്യജീവി സങ്കേതങ്ങൾ, 5 ദേശീയോദ്യാനങ്ങൾ, ഒരു കമ്മ്യൂണിറ്റി റിസർവ്വ് എന്നിവയുടെ സംരക്ഷണവും പരിപാലനവും.
2. പെരിയാർ ടൈഗർ റിസർവ്വ്, പറമ്പിക്കുളം ടൈഗർ റിസർവ്വ് എന്നീ 2 ടൈഗർ റിസർവ്വുകളുടെ സംരക്ഷണവും പരിപാലനവും.
3. ആനകളുടെ പ്രത്യേക സംരക്ഷണത്തിനായി "പ്രോജക്ട് എലിഫന്റ്" പദ്ധതി.
4. ജൈവവൈവിദ്ധ്യമേഖലകളായി UNESCO കണ്ടെത്തിയ നീലഗിരി ബയോസ്ഫിയർ, അഗസ്ത്യമല ബയോസ്ഫിയർ റിസർവ്വ് എന്നിവയുടെ സംരക്ഷണവും പരിപാലനവും.
5. സംരക്ഷിതമേഖലയ്ക്ക് പുറത്തുള്ള സ്വാഭാവിക വനങ്ങളിലെ ജൈവവൈവിദ്ധ്യ സംരക്ഷണം.
6. വനത്തിനു പുറത്തുള്ള കാവുകൾ, കണ്ടൽക്കാടുകൾ എന്നിവയുടെ പരിപാലനം.
7. സാമൂഹ്യ വനവൽക്കരണ വിഭാഗം വഴിയുള്ള വൃക്ഷത്തൈ വിതരണവും, ജൈവവൈവിദ്ധ്യ സംരക്ഷണവും.
8. പ്രക്ഷീണ വനങ്ങളുടേയും അതോടു ചേർന്ന ലാന്റ്സ്കേപ്പിന്റേയും പുനരുദ്ധാരണവും പരിചരണവും ലക്ഷ്യമാക്കിയിട്ടുള്ള 'ഗ്രീൻ ഇന്ത്യാ മിഷൻ' എന്ന പദ്ധതി.

(ബി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ആയത് നടപ്പിലാക്കാനുദ്ദേശിക്കുന്നത് ; വിശദാംശം ലഭ്യമാക്കുമോ;

(ബി) വനം വകുപ്പ് നേരിട്ടും വനസംരക്ഷണ സമിതികളുടേയും , ഇക്കോ ഡവലപ്മെന്റ് കമ്മിറ്റികളുടേയും സഹായത്തോടെയാണ് ഈ പദ്ധതികൾ നടപ്പിലാക്കുന്നത്.

(സി) ആയതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ ?

(സി) മിക്ക പദ്ധതികളുടേയും കർമ്മ പദ്ധതി തയ്യാറാക്കി കഴിഞ്ഞു. ഇവയുടെ എസ്റ്റിമേറ്റുകളും പാസ്സാക്കി കഴിഞ്ഞു. വിവിധ പദ്ധതികൾ കൺവീനർമാർ, വനസംരക്ഷണ സമിതി അംഗങ്ങൾ, ഇക്കോ ഡവലപ്മെന്റ് കമ്മിറ്റി അംഗങ്ങൾ എന്നിവർ വഴി നടപ്പാക്കും. ഏതാനും ജോലികൾ കോൺട്രാക്ടർമാർ വഴിയും ചെയ്യിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ.